# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി ശ്രീ സി.പി. രാധാകൃഷ്ണൻറെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേക്കുള്ള നാല് ദിവസത്തെ സന്ദർശനത്തിന് ഇന്ന് തുടക്കം.

   **Vice President C. P. Radhakrishnan's four-day visit to the Northeastern states begins today.**

2. ഇന്ത്യ കൈവരിച്ച 7.8 ശതമാനം ത്രൈമാസ വളർച്ച നിരക്ക് രാജ്യത്തിൻറെ സാമ്പത്തിക കരുത്തിൻറെ പ്രതിഫലനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says India's 7.8 percent quarterly growth rate reflects the nation's economic strength.**

3. ഗോവ സന്ദർശിക്കുന്ന കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ആഭ്യന്തര മന്ത്രാലയത്തിൻറെ യോഗത്തിൽ അധ്യക്ഷത വഹിക്കും.

   **Union Home Minister Amit Shah will chair the meeting of the Home Ministry, in Goa today.**

4. സ്വച്ഛതാ ഹി സേവയെ ജനകീയ ശുചീകരണ പ്രസ്ഥാന മാക്കി മാറ്റണമെന്ന് കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാൽ.

   **Union Housing and Urban Affairs Minister Manohar Lal calls for transforming 'Swachhata Hi Seva' into a mass public movement for cleanliness.**

5. കേരളത്തിൽ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ടുള്ള 'ഭിന്നശേഷി പുനരധിവാസ ഗ്രാമ'ത്തിൻറെ നിർമ്മാണ ഉദ്ഘാടനം, ഇന്ന് മലപ്പുറത്ത് മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ നിർവഹിക്കും.

**Minister V. E. Abdul Gafoor will lay the foundation stone today in Malappuram for the 'Differently-Abled Rehabilitation Village', aimed at the comprehensive rehabilitation of persons with disabilities in Kerala.**

6. വനിതാ ഏഷ്യ കപ്പ് ട്വൻറി-20 ക്രിക്കറ്റിൽ പാകിസ്ഥാനെ ഏഴ് വിക്കറ്റിന് തകർത്ത് ഇന്ത്യ; കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിൽ തൃശൂർ ടൈറ്റൻസി ന് കിരീടം.

**In Women's Asia Cup T20 Cricket, India defeats Pakistan by seven wickets; Thrissur Titans clinches the title in the third season of the Kerala Cricket League.**

# VP -VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് മുതൽ നാല് ദിവസങ്ങ ളിലായി അസം, മേഘാലയ, മണിപ്പൂർ, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കും. ചരിത്രപരവും സാമൂഹ്യ- ദേശീയ പ്രാധാന്യവുമുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് പുറമെ, അക്കാദമിക് സാംസ്കാരിക, പൊതു പരിപാടികളിലും ഉപരാഷ്ട്രപതി പങ്കെടുക്കും. ഇന്ന് ഗുവാഹത്തിയിൽ ഗീതാനഗർ കോളേജിൻ്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിലും ശ്രീമന്ദ ശങ്കരദേവ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിൻ്റെ ബിരുദദാന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

# PM - SRCC(INTRO)

ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും ഇന്ത്യ കൈവരിച്ച 7.8 ശതമാനം ത്രൈമാസ വളർച്ച രാജ്യത്തിന്റെ സാമ്പത്തിക അടിത്തറയുടെ കരുത്താണ് വ്യക്തമാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്നലെ ഡൽഹി സർവകലാശാലയിലെ ശ്രീറാം കോളേജ് ഓഫ് കോമേഴ്സിന്റെ ശതാബ്ദി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സമ്പദ് വ്യവസ്ഥയെ വിമർശിക്കുന്നവർക്ക് മറുപടിയായി കൃത്യമായ സാമ്പത്തിക

വിവരങ്ങളും പ്രധാനമന്ത്രി പങ്കുവെച്ചു. ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ വൈദ്യുതി ഉൽപ്പാദനം 9 ശതമാനം വർദ്ധിച്ചു. വാഹനം, സ്റ്റീൽ, സിമന്റ് എന്നിവയുടെ ഉപഭോഗത്തിൽ വലിയ വർദ്ധനവുണ്ടായി.
സ്മാർട്ട്ഫോൺ കയറ്റുമതി 2.5 ലക്ഷം കോടി രൂപ കവിഞ്ഞപ്പോൾ, ആഭ്യന്തര പ്രതിരോധ ഉൽപ്പാദനം എക്കാല ത്തെയും ഉയർന്ന നിരക്കായ ഏകദേശം 2 ലക്ഷം കോടി രൂപയിലെ ത്തിയെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

മുൻ തലമുറകളേക്കാൾ വലിയ സ്വപ്നങ്ങൾ കാണാനും, ലോകത്തെ നയിക്കാൻ ശേഷിയുള്ള ആഗോള കൺസൾട്ടിങ്, അക്കൗണ്ടിങ്, ഫിനാൻഷ്യൽ, ലീഗൽ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കാനും ഇന്ത്യൻ യുവാക്കളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ഇന്നലെ വൈകിട്ട് ഡൽഹി മെട്രോയിലാണ് ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കാ നായി പ്രധാനമന്ത്രി യാത്ര ചെയ്തത്.

## AMIT SHAH - GOA

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഗോവയിലെത്തി. വെസ്റ്റേൺ സോണൽ കൗൺസി ലിന്റെ 28-ാമത് യോഗത്തിൽ അദ്ദേഹം അധ്യക്ഷത വഹിക്കും. ഇന്ന് ആഭ്യന്തര മന്ത്രാലയത്തിന്റെ യോഗത്തിൽ കേന്ദ്ര മന്ത്രി അധ്യക്ഷനാകും. തുടർന്ന് വാർത്താസമ്മേളനത്തിൽ പങ്കെടുക്കുന്ന അദ്ദേഹം ബി.ജെ.പിയുടെ പുതിയ സംസ്ഥാന ഓഫീസും ഉദ്ഘാടനം ചെയ്യും.

## ANDAMAN LG

ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ പുതിയ ലഫ്റ്റനന്റ് ഗവർണറായി ഡോ. ദിനേശ് ശർമ്മയെ രാഷ്ട്രപതി ദ്രൗപദി മുർമു നിയമിച്ചു. 2017 ഒക്ടോബർ മുതൽ പദവിയിൽ തുടരുന്ന അഡ്മിറൽ ദേവേന്ദ്ര കുമാർ ജോഷിക്ക് പകരക്കാരനായാണ് ഡോ. ശർമ്മ നിയമിതനാകുന്നത്. ഉത്തർപ്രദേശിൽ നിന്നുള്ള നിലവിലെ രാജ്യസഭാംഗമായ ദിനേശ് ശർമ്മ, മുൻപ് സംസ്ഥാന ഉപമുഖ്യമന്ത്രിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## KIRTI - SAUDI ARABIA VISIT

വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് നാല് ദിവസത്തെ സന്ദർശനത്തിനായി സൗദി അറേബ്യയിലെ റിയാദിലെത്തി. സൗദിയിലെ മാനവ വിഭവശേഷി, സാമൂഹിക വികസന മന്ത്രിയു മായും നയതന്ത്രപ്രതിനിധികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. സൗദി അറേബ്യയിലെ ഇന്ത്യൻ പ്രവാസികളുമായും ബിസിനസ്സ് സംരംഭകരുമായും കേന്ദ്രസഹ മന്ത്രി സംവദിക്കും.

## iBRICS SUMMIT

ന്യൂഡൽഹിയിൽ നടക്കുന്ന 18-ാമത് ബ്രിക്സ് ഉച്ചകോടിയോട് അനുബന്ധിച്ച് ഈ മാസം 12, 13 തീയതികളിൽ പ്രഥമ ഐ-ബ്രിക്സ് ഉച്ചകോടി സംഘടിപ്പിക്കും. 500-ലധികം നിക്ഷേപകർ, ധനമന്ത്രിമാർ, വ്യവസായ പ്രമുഖർ എന്നിവർ രണ്ടുദിവസത്തെ ഉച്ചകോടിയിൽ പങ്കെടുക്കും. 21 ബ്രിക്സ് അംഗരാജ്യങ്ങളിലും പങ്കാളിത്ത രാജ്യങ്ങളി ലുമുള്ള അടിസ്ഥാന സൗകര്യ വികസനം, ഊർജ്ജം, ഡിജിറ്റൽ പദ്ധതികൾ എന്നിവയിലേക്ക് നിക്ഷേപങ്ങൾ എത്തിക്കുകയാണ് ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം.

## NBEMS - NEET PG RE-EXAM

രാജസ്ഥാനിലെ ജയ്പൂരിലെ പരീക്ഷാകേന്ദ്രങ്ങളിൽ നീറ്റ്- പി ജി പരീക്ഷ പൂർത്തിയാക്കാൻ കഴിയാതിരുന്നവർക്കായി വീണ്ടും പരീക്ഷ നടത്തി. ജയ്പൂരിലെ അഞ്ച് കേന്ദ്രങ്ങളിലായി സുതാര്യവും സുരക്ഷിതവുമായ രീതിയിലാണ് പരീക്ഷ നടപ്പാക്കിയതെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സമൂഹമാധ്യമത്തിൽ അറിയിച്ചു. കഴിഞ്ഞ മാസം 30-ന് വൈദ്യുത തടസ്സം കാരണം ഇവിടെ പരീക്ഷ എഴുതിയ 2,445 പേർക്ക് പരീക്ഷ പൂർത്തിയാക്കാൻ സാധിച്ചിരുന്നില്ല. ഇതേ തുടർന്നാണ് ഇന്നലെ പുനഃപരീക്ഷ നടത്തിയത്.

## DIFFERENTLY ABLED REBUILD VILLAGE

കേരളത്തിൽ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസവും ശാക്തീകരണവും ലക്ഷ്യമിട്ട് ഒരുങ്ങുന്ന 'ഭിന്നശേഷി പുനരധിവാസ ഗ്രാമ'ത്തിൻറെ നിർമ്മാണ ഉദ്ഘാടനം, മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ ഇന്ന് മലപ്പുറത്ത് നിർവഹിക്കും.

മലപ്പുറം തിരൂർ താലൂക്കിലാണ് പദ്ധതി യാഥാർത്ഥ്യമാകുന്നത്. ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം, ക്ഷേമം, സാമൂഹിക സുരക്ഷ, അവസര സമത്വം, സ്വയംപര്യാപ്തത എന്നിവ ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. രാജ്യത്ത് ആദ്യമായാണ് ഭിന്നശേഷിക്കാ ർക്കായി പുനരധിവാസ ഗ്രാമം നിലവിൽ വരുന്നത്.

## KANNUR (INTRO)

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെൻറ് നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസസിംഗ് എൻറർപ്രൈസസ് സ്കീമിലൂടെ നിരവധി യുവ സംരംഭകർ ഇതിനകം വലിയ വിജയം കൈവരിച്ചുകഴിഞ്ഞു.

**കണ്ണൂരിൽ നിന്ന് ആകാശവാണി ജില്ലാ പ്രതിനിധി കെ.ഓ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്**

**(VOICE)**

## SWACHCHATHA Hi SEVA

സ്വച്ഛതാ ഹി സേവയെ ഒരു യഥാർത്ഥ ജനകീയ പ്രസ്ഥാനമാക്കി മാറ്റണമെന്ന് കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാൽ. സ്വച്ഛതാ ഹി സേവ പ്രചാരണത്തിൻറെ ഒൻപതാം പതിപ്പിലേക്ക് രാജ്യം കടക്കുമ്പോൾ, ശുചിത്വമുള്ളതും ആരോഗ്യകരവുമായ ഒരു

ഭാരതത്തിനുമായുള്ള പ്രതിജ്ഞാബദ്ധത ആവർത്തിക്കുകയാ ണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. പരിപാടിയുടെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി കേന്ദ്ര മന്ത്രി മനോഹർ ലാലും ജലശക്തി മന്ത്രി സി.ആർ. പാട്ടീലും മുതിർന്ന ഉദ്യോഗസ്ഥരും അന്തർ മന്ത്രാലയ വെർച്വൽ യോഗം ചേർന്നു. ഈ വർഷത്തെ പ്രചാരണ പരിപാടി സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 2 വരെ ആചരിക്കും.

## WOMENS CRICKET

വനിതാ ഏഷ്യ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ പാകിസ്ഥാനെ ഏഴ് വിക്കറ്റിന് കീഴടക്കി ഇന്ത്യക്ക് മിന്നുന്ന വിജയം. ദുബായിൽ നടന്ന ഏകപക്ഷീയമായ പോരാട്ടത്തിൽ പാകിസ്ഥാൻ ഉയർത്തിയ 56 റൺ വിജയ ലക്ഷ്യം 8.4 ഓവറിൽ മൂന്ന് വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി ഇന്ത്യ മറികടന്നു. ഇന്ത്യൻ ക്യാപ്റ്റനെന്ന നിലയിൽ ഹർമൻപ്രീത് കൗറിന്റെ 150-ാം ട്വന്റി-20 മത്സരമായിരുന്നു ഇത്. രാജ്യാന്തര ക്രിക്കറ്റിൽ ഈ അപൂർവ്വ നേട്ടം കൈവരിക്കുന്ന ആദ്യ ക്യാപ്റ്റനായി ഹർമൻപ്രീത് മാറി. ഇന്ത്യൻ സ്പിന്നർമാരായ ശ്രീ ചരണി, പ്രേമ റാവത്ത് എന്നിവർ മൂന്ന് വിക്കറ്റ് വീതവും ദീപ്തി ശർമ്മ രണ്ട് വിക്കറ്റും വീഴ്ത്തി.

## KCL FINAL

കേരള ക്രിക്കറ്റ് ലീഗിന്റെ മൂന്നാം സീസണിൽ തൃശൂർ ടൈറ്റൻസിന് കിരീടം. ഫൈനൽ പോരാട്ടത്തിൽ കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സി നെതിരെ നാല് വിക്കറ്റിനാണ് തൃശൂർ ടൈറ്റൻസിൻറെ ജയം. കാലിക്കറ്റ് ഉയർത്തിയ 168 റൺസ് വിജയലക്ഷ്യം മൂന്ന് പന്തുകൾ ബാക്കി നിൽക്കെ തൃശൂർ, മറികടന്നു. അഹമദ് ഇമ്രാനാണ് പ്ലെയർ ഓഫ് ദി മാച്ച്. ആലപ്പി റിപ്പിൾസിൻ്റെ മൊഹമ്മദ് അസറുദ്ദീൻ പ്ലെയർ ഓഫ് ദി ടൂർണ്ണമെൻ്റായും തെരഞ്ഞെടുക്കപ്പെട്ടു.

## PIB - IGI AIRPORT FACT CHECK

ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേ മഴവെള്ളത്തിൽ മുങ്ങി എന്ന രീതിയിൽ സമൂഹമാധ്യമ ങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. 2024 ഏപ്രിലിൽ ദുബായ് വിമാനത്താവളത്തിലുണ്ടായ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും വിമാന സർവീസ് മുടങ്ങിയ ദൃശ്യ ങ്ങളാണ് ഡൽഹി വിമാനത്താവളത്തിൻറേതെന്ന പേരിൽ പ്രചരി പ്പിക്കുന്നതെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് യൂണിറ്റ് അറിയിച്ചു.

## LUXEMBOURG DEPUTY PM- INDIA VISIT

ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ സേവ്യർ ബെറ്റൽ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും. വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി ദേശീയ തലസ്ഥാനത്ത് അദ്ദേഹം

കൂടിക്കാഴ്ച നടത്തും.  ഐഐടി മദ്രാസിലെ പരിപാടികളിലും ലക്സംബർഗ് ഉപപ്രധാനമന്ത്രി പങ്കെടുക്കും.

1.